*➯ വിയോജിക്കുവാനുള്ള അവകാശമില്ലെങ്കിൽ സ്വാതന്ത്ര്യം തന്നെ അർത്ഥരഹിതമാണ് ➯*





# വിയോജിക്കാനുള്ള അവകാശമാണ് ജനാധിപത്യത്തിന്റെ അടിത്തറ

തെരഞ്ഞെടുപ്പിലൂടെ അധികാര കൈമാറ്റം നടന്നതുകൊണ്ടുമാത്രം ഒരു രാജ്യം ജനാധിപത്യ രാജ്യമാകുന്നില്ല. ജനാധിപത്യം യാഥാർത്ഥ്യമാകണമെങ്കിൽ അത് ദൈനംദിന ഭരണത്തിൽ പ്രതിഫലിക്കണം. ദൈനംദിന ഭരണം ജനങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ചുള്ളതാണെങ്കിൽ മാത്രമാണ് ഒരു രാജ്യം ജനാധിപത്യ രാജ്യമായി മാറുന്നത്.

**ബി.ആർ.പി. ഭാസ്കർ**

**വളരെ** വിഷമം നിറഞ്ഞ ഒരു കാലഘട്ടത്തിലൂടെ നമ്മുടെ രാജ്യം കടന്നുപോകുമ്പോഴാണ് വിസമ്മതിക്കാനുള്ള അവകാശം സ്ഥാപിച്ചെടുക്കാൻ അല്ലെങ്കിൽ തിരിച്ചുപിടിക്കാൻ നാം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭരണഘടന ഈയൊരു അവകാശം തത്വത്തിൽ അംഗീകരിച്ചതാണെങ്കിൽ കൂടിയും ഭരണവർഗ്ഗം അത് കവർന്നുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ അത്തരമൊരവകാശം തിരിച്ചുപിടിക്കുവാനുള്ള ശ്രമം എന്ന നിലയിലാണ് ഞാൻ ഇതിനെ കാണുന്നത്. വിയോജിക്കുവാനുള്ള അവകാശം സ്വാതന്ത്ര്യത്തിന്റെ അനിവാര്യ ഘടകമാണ്. വിയോജിക്കുവാനുള്ള അവകാശമില്ലെങ്കിൽ സ്വാതന്ത്ര്യം തന്നെ അർത്ഥരഹിതമാണ്. വളരെയധികം വൈവിധ്യങ്ങൾ നിലനിൽക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. ഭാഷ, വേഷം, ഭക്ഷണം തുടങ്ങി സമസ്ത മേഖലകളിലും ഈ വൈവിധ്യം നിലനിൽക്കുന്നുണ്ട്. വംശീയമായ ഒട്ടേറെ വൈവിധ്യങ്ങളും ഇവിടെ നിലനിൽക്കുന്നുണ്ട്. ചിലപ്പോഴെങ്കിലും ചില സംഘർഷങ്ങൾ ഇവ തമ്മിൽ ഉണ്ടാകാറുണ്ടെങ്കിലും കൂടുതൽ സമയവും സൗമനസ്യത്തിലും സഹകരണത്തിലുമാണ് ഇവിടെ ജനങ്ങൾ കഴിഞ്ഞുപോന്നിരുന്നത്. ഇപ്പോൾ നാം നേരിടുന്ന പ്രശ്നം ഈയൊരു വൈവിധ്യം ചോദ്യം ചെയ്യപ്പെടുന്നു എന്നുള്ളതാണ്. വ്യത്യസ്ത അഭിപ്രായങ്ങൾ പുലർത്താനുള്ള, വേഷം, ഭാഷ എന്നിവകയിലുള്ള വ്യത്യസ്തതകൾ നിലനിർത്താനുള്ള അവകാശങ്ങളെല്ലാം ഹനിക്കപ്പെടുന്ന ഒരു കാലഘട്ടമാണിത്. ഏതാണ്ട് ഒരു നൂറ്റാണ്ടിനപ്പുറത്ത് ഇതിനൊക്കെ എതിരെ ശബ്ദമുയർന്ന സ്ഥലമാണ് കേരളം. ജാതി, മതം, ഭാഷ, വേഷം ഇവ മനുഷ്യരെ തമ്മിൽ അകറ്ററുത് എന്ന് പറഞ്ഞ നാരായണഗുരുവിന്റെ നാടാണിത്. ഇവിടെയും വൈവിധ്യങ്ങൾക്കെതിരായുള്ള നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഇവിടെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങളുടെ രാഷ്ട്രീയവശം നാം തിരിച്ചറിയേണ്ടതുണ്ട്. ജനാധിപത്യ വ്യവസ്ഥയോട് യാതൊരു വിശ്വാസവും പുലർത്താത്ത ഒരു വിഭാഗമാണ് ഇന്ന് രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് പോലും ഭരണതലത്തിലേക്ക് കടന്നുവരാൻ അവസരം കൊടുക്കുന്ന ഒരു ജനാധിപത്യ വ്യവസ്ഥയാണ് ഇവിടുള്ളത്. ഇന്ത്യയിൽ നിന്ന് വേർപെട്ടു നിൽക്കാൻ




ബി.ആർ.പി. ഭാസ്കർ സംസാരിക്കുന്നു

ആഗ്രഹിച്ച വിഭാഗങ്ങൾക്ക് പോലും ഈ വ്യവസ്ഥയിൽ നിന്നുകൊണ്ട് അധികാരത്തിലെത്താനുള്ള അവസരമുണ്ട് എന്ന തിരിച്ചറിവിൽ അവരുടെ ആ ആവശ്യം ഉപേക്ഷിക്കുകയും അധികാരവ്യവസ്ഥയുടെ ഭാഗമായി തീരുകയും ചെയ്തിട്ടുണ്ട്. ദ്രാവിഡ സ്ഥാൻ സംബന്ധിച്ച ആവശ്യം ഉദാഹരണം. എന്നാൽ ഇന്ന് നടക്കുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ജനാധിപത്യ വ്യവസ്ഥയിലൂടെ അധികാരത്തിലെത്തിയിരിക്കുന്ന ഒരു പാർട്ടി, മറ്റെല്ലാ ശബ്ദങ്ങളെയും ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. അവരുടെ തീരുമാനങ്ങളും ആഗ്രഹങ്ങളും മാത്രമേ നടക്കാൻ പാടുള്ളൂ എന്ന ധാർഷ്ട്യം നിറഞ്ഞ വർത്തമാനമാണ് അവർ പറയുന്നത്. ഇതിനെ ജനാധിപത്യ രീതിയിൽ തന്നെ മറികടക്കാനും. ജനാധിപത്യ വ്യവസ്ഥയിലൂടെ തന്നെ അധികാരം തിരിച്ചുപിടിക്കാനുള്ള അവസരം തീർച്ചയായും ഇവിടെ നിലനിൽക്കുന്നുണ്ട്. എന്നാൽ അതിനപ്പുറം അവയുടെ സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങളെ നാം തിരിച്ചറിയേണ്ടതുണ്ട്. ആന്തരികമായി ജനാധിപത്യം പുലർത്താത്ത പാർട്ടികളും പ്രസ്ഥാനങ്ങളും കൂടി നിലവിലുള്ള പ്രശ്നങ്ങൾക്ക് ഉത്തരവാദികളാണ്. സ്വന്തം പ്രസ്ഥാനങ്ങൾക്കകത്ത് ആന്തരിക ജനാധിപത്യം നിലനിർത്താൻ സാധിക്കാത്ത പാർട്ടികൾക്ക് ഭരണഘടനാപരമായി ലഭിച്ച ജനാധിപത്യ വ്യവസ്ഥയെ പരിരക്ഷിക്കുവാൻ സാധ്യമല്ല. ബ്രിട്ടീഷുകാർ അവരുടെ ആവശ്യങ്ങൾക്കായി ഉണ്ടാക്കിയെടുത്ത കൊളോണിയൽ സ്കീം അതേപടി ഏറ്റെടുക്കുകയായിരുന്നു ഇന്ത്യയിലെ ഭരണാധികാരികൾ എന്ന് നാം മനസിലാക്കേണ്ടതുണ്ട്. നമ്മുടെ ഭരണ നിർവ്വഹണ സംവിധാനങ്ങളിലും പോലീസിലും സൈനിക സംവിധാനങ്ങളിലും നിയമവ്യവസ്ഥയിലും നിറഞ്ഞുനിൽക്കുന്ന ജനാധിപത്യ വിരുദ്ധമായ അംശങ്ങൾക്ക് ഇത് കാരണമായി കാണാവുന്നതാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് നമ്മുടേത് എന്നൊക്കെ അവകാശപ്പെടുമ്പോൾ അത് എണ്ണത്തിന്റെ കാര്യത്തിൽ മാത്രമാണ് എന്ന് നാം മനസിലാക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പ് അഞ്ച് വർഷം കൂടുമ്പോൾ നടക്കുന്നുണ്ട് എന്നത് വാസ്തവമായ കാര്യമാണ്. തെരഞ്ഞെടുപ്പിലൂടെ അധികാര കൈമാറ്റവും നടക്കുന്നുണ്ട്. പക്ഷേ അതുകൊണ്ടുമാത്രം ഒരു രാജ്യം ജനാധിപത്യ രാജ്യമാകുന്നില്ല. ജനാധിപത്യം യാഥാർത്ഥ്യമാകണമെങ്കിൽ അത് ദൈനംദിന ഭരണത്തിൽ പ്രതിഫലിക്കണം. ദൈനംദിന ഭരണം ജനങ്ങളുടെ താൽപര്യങ്ങൾക്കനുസരിച്ചുള്ളതാണെങ്കിൽ മാത്രമാണ് ഒരു രാജ്യം ജനാധിപത്യ രാജ്യമായി മാറുന്നത്. വിയോജിക്കുവാനുള്ള അവകാശത്തിനായി നാം ഒന്നിക്കുമ്പോൾ നമ്മുടെ ജനാധിപത്യ വ്യവസ്ഥയിൽ നിന്ന് ചോർന്നുപോയ്ക്കൊണ്ടിരിക്കുന്ന മൂല്യങ്ങളെ തിരിച്ചുപിടിക്കുവാനുള്ള ശ്രമത്തിലാണ് നാം ഏർപ്പെട്ടിരിക്കുന്നത് എന്ന് കൂടി തിരിച്ചറിയേണ്ടതുണ്ട്. ■

ജനാധിപത്യ വ്യവസ്ഥയിലൂടെ തന്നെ അധികാരം തിരിച്ചുപിടിക്കാനുള്ള അവസരം തീർച്ചയായും ഇവിടെ നിലനിൽക്കുന്നുണ്ട്. എന്നാൽ അതിനപ്പുറം അവയുടെ സാമൂഹികവും സാംസ്കാരികവുമായ പ്രശ്നങ്ങളെ നാം തിരിച്ചറിയേണ്ടതുണ്ട്. ആന്തരികമായി ജനാധിപത്യം പുലർത്താത്ത പാർട്ടികളും പ്രസ്ഥാനങ്ങളും കൂടി നിലവിലുള്ള പ്രശ്നങ്ങൾക്ക് ഉത്തരവാദികളാണ്. സ്വന്തം പ്രസ്ഥാനങ്ങൾക്കകത്ത് ആന്തരിക ജനാധിപത്യം നിലനിർത്താൻ സാധിക്കാത്ത പാർട്ടികൾക്ക് ഭരണഘടനാപരമായി ലഭിച്ച ജനാധിപത്യ വ്യവസ്ഥയെ പരിരക്ഷിക്കുവാൻ സാധ്യമല്ല.